**ഐ. ഷൺമുഖദാസിന്റെ 'ശരീരം, നദി, നക്ഷത്രം' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങ് മനുഷ്യസ്നേഹത്തിനും നന്മയ്ക്കും ലഭിക്കുന്ന ആദരവായി മാറിയ അനുഭവം വിശദീകരിക്കുന്നു**

**എസ്. നാരായണൻ**

# ഒരു നോവലും ഒരു വായനക്കാരനും

**ബർഗ്മാന്റെ** 'വെർജിൻ സ്പ്രിങ്' എന്ന സിനിമയിൽ കാൽമുട്ടുകൾ നിലത്തൂന്നി ആകാശത്തേക്ക് കൈകളുയർത്തി വിലപിക്കുന്ന നായക കഥാപാത്രത്തിനു മുന്നിൽ, മണ്ണിൽ നിന്ന് ജലത്തിന്റെ ഒരു ഉറവ പൊട്ടുന്നതും ക്രമേണ അത് ഒരു തെളിനീർച്ചാലായി ഒഴുകുന്നതും കാണിക്കുന്ന അതിമനോഹരമായ രംഗമുണ്ട്. ബർഗ്മാൻ വിചാരിച്ചാൽ അദ്ദേഹത്തിന് ദൈവത്തെപ്പോലും ഫ്രെയിമിലാക്കാൻ കഴിയും എന്നു തോന്നിപ്പിക്കുന്ന ഭാഗമാണ് അത്. തൃശൂരിൽ ആ സിനിമ കാണിക്കുകയും അതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തത് ചലച്ചിത്ര നിരൂപകനായ ഐ ഷൺമുഖദാസ് ആയിരുന്നു. അതിനുശേഷം എന്തുകൊണ്ടോ എന്നറിയില്ല, ഷൺമുഖദാസ് നടന്നു വരുന്നതു കാണുമ്പോഴൊക്കെ ഒരു തെളിനീരരുവി മനസിലേക്ക് കടന്നു വരാറുണ്ട്.

ഷൺമുഖദാസിന്റെ 'ശരീരം, നദി, നക്ഷത്രം' എന്ന പുസ്തകത്തിന്റെ പ്രകാശനം തൃശൂരിൽ വെച്ച് ഏതാനും ദിവസം മുമ്പ് നടന്നു. അതിൽ പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമായി ആ ചടങ്ങ് മാറുകയുണ്ടായി. മണ്ണിലൂടെ ഒഴുകുന്ന ഒരു തെളിനീരുറവ അതിന്റെ പൂർണ അർത്ഥത്തിൽ ബഹുമാനിക്കപ്പെട്ടതിന് സാക്ഷ്യം വഹിക്കാനായതിന്റെ ആഹ്ലാദകരമായ ഓർമ്മ കാലമെത്ര കഴിഞ്ഞാലും ബാക്കി നിൽക്കും. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും പുറപ്പെട്ട വാക്കുകളാലാണ് പങ്കെടുത്തവരെല്ലാം അദ്ദേഹത്തെപ്പറ്റിയും പുസ്തകത്തെപ്പറ്റിയും പരാമർശിച്ചത്. ആ നല്ല വാക്കുകളുടെ പരിമളം ഇപ്പോഴും സാഹിത്യ അക്കാദമിയുടെ അന്തരീക്ഷത്തിൽ നിന്നും മാഞ്ഞുപോയിട്ടില്ല.

അരുന്ധതി റോയിയുടെ 'ഗോഡ് ഓഫ് സ്മോൾ തിങ്സ്' എന്ന നോവൽ ഒരു ദശാബ്ദത്തിലധികം ഉള്ളിൽ കൊണ്ടു നടന്നതിന്റെ ഫലമാണ് ഈ പുസ്തകം. ഈ നോവൽ ഷൺമുഖദാസിനെ ആവേശിച്ചതിനെയും മാഷ് വെളിച്ചപ്പാടിനെപ്പോലെ വിറകൊണ്ട് നടന്നതിനെയും കുറിച്ചാണ് പലരും സംസാരിച്ചത്. പതിനാലു വർഷത്തോളം ആരെക്കണ്ടാലും അദ്ദേഹത്തിന്റെ സംസാരവിഷയം ഈ നോവൽ മാത്രമായിരുന്നു. ഒരു പുസ്തകം ഒരു വായനക്കാരൻ എങ്ങനെ



**ശരീരം, നദി, നക്ഷത്രം**
ഐ. ഷൺമുഖദാസ്
പ്രസാധനം: കറന്റ് ബുക്സ്
വില: 175, പേജ്: 260

യാണ് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുന്നതെന്നും അതെങ്ങനെ ആത്മാവിലേക്ക് ചേർക്കുന്നതെന്നും അവരെല്ലാം അത്ഭുതം കൂറി.

എല്ലാവരും തന്നെ ഷൺമുഖദാസ് എന്ന പുസ്തകപ്രേമിയെ, അതിലുപരി മനുഷ്യസ്നേഹിയെപ്പറ്റി മാത്രമാണ് സംസാരിച്ചത്. നല്ല വാക്കുകളുടെ നിർല്ലോഭമായ പ്രവാഹം തന്നെയായിരുന്നു അത്. ഒരെഴുത്തുകാരനും അടുത്ത കാലത്തൊന്നും ഇങ്ങനെ ആദരിക്കപ്പെട്ടിട്ടില്ല എന്നു തോന്നിയ പ്രകാശനച്ചടങ്ങ്. സദസ്സും വേദിയും, ഒരു മനുഷ്യന് ലഭിക്കുന്ന സ്നേഹത്തിലും ആദരവിലും മതിമറന്ന് സന്തോഷത്തോടെ ലയിച്ചു പോയ നിമിഷങ്ങൾ.

പ്രവൃത്തി ദിവസമായിട്ടും നട്ടുച്ച സമയമായിട്ടും ഹാളിന് ഉൾക്കൊള്ളാനാവുന്നതിന്റെ മൂന്നിരട്ടി ആളുകൾ എത്തിയിരുന്നു. ഫോൺ എടുക്കാൻ വേണ്ടി പോലും ഒറ്റയാളും ഹാളിനു പുറത്തേക്ക് ഇറങ്ങുന്നത് കണ്ടില്ല. തീർച്ചയായും അരുന്ധതി റോയിയുടെ സാന്നിദ്ധ്യമാണ് ഇത്രയും വലിയ സദസ്സുണ്ടാകാൻ കാരണം. അവരുടെ ആദ്യത്തെ നഗരപ്രവേശമായിരുന്നുവല്ലോ ഇത്. ഈ യോഗത്തിൽ പങ്കെടുത്തവരിൽ ഏറ്റവും കൂടുതൽ സന്തോഷിച്ചതും അരുന്ധതിയാണെന്നു തോന്നി. പുസ്തകങ്ങളെ ഇഷ്ടപ്പെടുന്ന, സൂക്ഷ്മമായി വായിക്കുന്നവരുടെ ഇത്തരം കൂടിച്ചേരലുകളാണ് താൻ വിലമതിക്കുന്നതെന്ന് അവർ പറഞ്ഞു: "I too know that to have had a reader like Shanmukhadas is bigger than ANY Booker Prize" എന്ന വാചകം നീണ്ട കരഘോഷത്തോടെയാണ് സദസ്സ് സ്വീകരിച്ചത്. അക്കാദമി സെക്രട്ടറിക്ക് "Thank you for hosting one of the most beautiful meetings I have ever participated in" എന്നെഴുതി ഒപ്പിട്ടു കൊടുത്തിട്ടാണ് അവർ അക്കാദമിയിൽ നിന്നും മടങ്ങിയത്.

അവനവനെ അവനവൻ തന്നെ ഊതിവീർപ്പിക്കുന്ന സ്വീകരണ മാമാങ്കങ്ങളും ആദരണ സന്ധ്യകളും പിറന്നാൾ മഹോത്സവങ്ങളും ദിവസേന യെന്നോണം നടക്കുന്ന നഗരത്തിന് ഈ പുസ്തകപ്രകാശനം ഒരു തെളിനീരരുവിയുടെ ശുദ്ധിയുണ്ടാക്കി. ഈയിടെ നടന്ന ഒരു പിറന്നാൾ മഹാമഹത്തിലെ അൽപത്തത്തെക്കുറിച്ച് രൂക്ഷമായി വിമർശിച്ചെഴുതിയ ഷീബ അമീർ പുറത്തു കടക്കുമ്പോൾ പറയുന്നതു കേട്ടു. "അടുത്ത കാലത്തൊന്നും ഇങ്ങനെയൊന്നിൽ പങ്കെടുത്തിട്ടില്ല. ഇവിടെ പറയപ്പെട്ടതിൽ ഒറ്റ വാക്കും കൂടുതലില്ല. ഒറ്റ വാക്കും കുറവുമില്ല."



തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന പുസ്തകപ്രകാശന ചടങ്ങിൽ ഐ. ഷൺമുഖദാസ് മാഷും അരുന്ധതി റോയിയും

അന്നു രാത്രി ഫോണിൽ വിളിച്ച് സന്തോഷം പങ്കിട്ട മാധ്യമ പ്രവർത്തകനായ സുഹൃത്ത് പറഞ്ഞു. "ഒരു ക്ലിക്കുമില്ലാതെ, ഗ്രൂപ്പില്ലാതെ, പ്രസ്ഥാനങ്ങളുടെ പിൻബലമില്ലാതെ ഏകനായി നടന്ന, എന്നാൽ എല്ലാവരുമായി സംവദിക്കുകയും സഹവർത്തിക്കുകയും ചെയ്യുന്ന ഒരാൾക്കു കിട്ടുന്ന ആദരം നമ്മെ എത്ര ആഹ്ലാദിപ്പിക്കുന്നു! യാതൊരു മുന്നൊരുക്കവുമില്ലാതെ, ഇത്രയും നന്നാവുമെന്ന് യാതൊരു പ്രതീക്ഷയുമില്ലാതെ സംഘടിപ്പിച്ച ഈ ചടങ്ങ് ഉൽകൃഷ്ടമായ തലത്തിലേക്ക് ഉയർന്നു പോയി."

ഫോൺ വെക്കുന്നതിനു മുമ്പ് അയാൾ ഇത്രയും കൂടി പറഞ്ഞു:

"ഇത്തരം സന്ദർഭങ്ങളാണ്, മനുഷ്യനിൽ വിശ്വസിക്കാം എന്ന് നമുക്ക് ബോദ്ധ്യപ്പെടുത്തിത്തരുന്നത്."

## കേസുകൾ റദ്ദാക്കണം; നഷ്ടപരിഹാരം നൽകണം: ആദിവാസി ഗോത്രമഹാസഭ

**മുത്തങ്ങയിൽ** നിന്നും കുടിയിറക്കപ്പെട്ടവർക്കെതിരെ വനം വകുപ്പ് എടുത്ത ഒരു പ്രധാന കേസിൽ ആദിവാസികൾ കുറ്റവിമുക്തമാക്കപ്പെട്ട സാഹചര്യത്തിൽ അവശേഷിക്കുന്ന നാല് ഫോറസ്റ്റ് കേസുകൾ റദ്ദാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ആദിവാസി ഗോത്രമഹാസഭ ആവശ്യപ്പെട്ടു. കുടിയിറക്കപ്പെട്ട ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകാനും പുനരധിവാസം നടപ്പാക്കാനും സർക്കാർ തയ്യാറാവണം. 2004-ൽ വിചാരണ ആരംഭിച്ച 114 പേരുള്ള കേസിലാണ് സുൽത്താൻ ബത്തേരി ജുഡീഷ്യൻ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി വിധി പറഞ്ഞത്. വന്യജീവി സങ്കേതത്തിൽ കയ്യേറ്റം നടത്തി, വനഭൂമി തീയിട്ട് നശിപ്പിച്ചു, വനഭൂമിയിൽ മാരകായുധങ്ങളുമായി പ്രവേശിച്ചു തുടങ്ങിയ കുറ്റങ്ങളായിരുന്നു ആദിവാസികൾക്കെതിരെ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് ചുമത്തിയത്. എന്നാൽ മുത്തങ്ങയിൽ ആദിവാസികൾ കുടിൽകെട്ടിയ സ്ഥലങ്ങൾ വനഭൂമിയാണെന്നോ, ആരോപിച്ച കുറ്റങ്ങൾ ചെയ്തെന്നോ തെളിയിക്കുന്നതിൽ വനം വകുപ്പ് പരാജയപ്പെടുകയാണുണ്ടായത്. ദുരന്ത നിവാരണത്തിന് യു.ഡി.എഫ് സർക്കാരിന് നിയമപരവും ധാർമ്മികവുമായ ബാധ്യതയുണ്ട്. ഒരു സിവിൽ നഷ്ടപരിഹാര (Civil remedy) മാർഗ്ഗമാണ് സർക്കാർ ഉടനടി ചെയ്യേണ്ടത്. നഷ്ടപരിഹാരം നൽകാൻ കാലവിളംബമില്ലാത്ത ഒരു രീതി സർക്കാർ അവലംബിക്കണം. കമ്മീഷനുകൾക്ക്വിട്ട് പ്രശ്നം നീട്ടുന്നത് ശരിയല്ല. ഇതോടൊപ്പം, ആദിവാസികൾക്ക് വനാവകാശം അംഗീകരിച്ച് ഒരു പുനരധിവാസ പാക്കേജ് നടപ്പാക്കാനും വനംവകുപ്പിന് നിർദ്ദേശം നൽകണം. ആദിവാസികളുടെ മനുഷ്യാവകാശ പ്രശ്നങ്ങൾ ചർച്ചചെയ്യാനും ഭാവിപരിപാടി ആസൂത്രണം ചെയ്യാനും സെപ്തംബർ മൂന്നിന് ബത്തേരിയിൽ പൗരാവകാശ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ആദിവാസി കൺവെൻഷൻ സംഘടിപ്പിക്കും.

ബന്ധങ്ങൾക്ക്: ഗീതാനന്ദൻ - 9746361106, സി.കെ. ജാനു - 9495216905